"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസ്- സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തസ്തിക-ശ്രീമതി. സന്ധ്യ കെ. എസ് - നിലനിർത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.182/2024/TSM തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:- 1. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 01.01.2024 ലെ DOT/9614/2023-E5 നമ്പർ കത്ത്

2. 24.02.2024 ലെ സ.ഉ(സാധാ) നം. 110/2024/ടൂറിസം

**<u>ഉത്തരവ്</u>**

തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ അംഗീകൃത സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തസ്തികയിലെ ഒഴിവിൽ ശ്രീമതി. സന്ധ്യ കെ. എസ് നെ 02.09.2023 മുതൽ 90 ദിവസത്തേക്ക് തുടരുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

(2) തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ സ്വീപ്പർ, സ്വീപ്പർ കം സാനിറ്റേഷൻ തസ്തികകളിലെ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ടി ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനത്തിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തസ്തികയിലെ ഒഴിവിൽ ശ്രീമതി. സന്ധ്യ കെ. എസ് നെ 04.12.2023 മുതൽ സ്ഥിര നിയമനം അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടക്കുന്നതുവരെ നിലനിർത്തുന്നതിനുള്ള അനുമതി നൽകണമെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലെ സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തസ്തികയിലെ ഒഴിവിൽ ശ്രീമതി. സന്ധ്യ കെ. എസ് നെ 04.12.2023 മുതൽ 179 ദിവസത്തേക്കോ സ്ഥിര നിയമനം അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന

താത്കാലിക നിയമനം നടക്കുന്നതു വരെയോ, ഏതാണോ ആദ്യം അതു വരെ നിലനിർത്തുന്നതിനു വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
ശ്രീമതി. സന്ധ്യ കെ എസ് (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/42/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 22-03-2024 12:30:53
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്